SADASYA TILAKAN T. K. VELU PILLAI (*Trivandrum-Urban*) : May I know whether any money had been spent by way of medical relief to depressed classes?

MR. T. C. THOMMEN (*Secretary to Government*): Does the member want the amounts specially spent for medical relief to depressed classes?

SADASYA TILAKAN T. K. VELU PILLAI (*Trivandrum—Urban*) : Was anything spent specially for medical relief to depressed classes?

MR. T. C. THOMMEN (*Secretary to Government*) : Expenses incurred by the Medical Department are meant for giving relief to depressed classes also.

SADASYA TILAKAN T. K. VELU PILLAI (*Trivandrum—Urban*) : May I know how much money lapsed towards this purpose in the previous year from the allotted funds?

MR. T. C. THOMMEN (*Secretary to Government*) : I claim notice.

Recruitment of depressed class members to the Public Service.

296. * **MR. T. T. KESAVAN SASTRI** (*Nominated*) : Will the Government be pleased to state :

(*a*) whether the Protector of Depressed Classes has consulted the Public Service Commissioner with regard to the candidates for recruitment from the depressed olasses ; and

(*b*) if so, the nature of such consultation?

MR. T. C. THOMMEN (*Secretary to Government*) : (*a*) No.

(*b*) In view of the answer to part (*a*), this question does not arise.

MR. T. T. KESAVAN SASTRI (*Nominated*) : ഈ സംഖ്യ ഏതെല്ലാം ഇനങ്ങളിലേക്ക് ചിലവാക്കി എന്ന് പറയാമൊ?

MR. T. C. THOMMEN (*Secretary to Government*) : ഫസ്റ്റ് ഓപ്പറേഷൻ ശമ്പളം, എസ്റ്റാബ്ളിഷ്മെൻറ് ചിലവ് സെക്കന്റ് ഓപ്പറേഷൻ, ട്രാവലിംഗ് അലവൻസ് തേർഡ് ഓപ്പറേഷൻ, തൻചിലവ് നാലാമത്തെ ഓപ്പറേഷൻ.

MR. T. T. KESAVAN SASTRI (*Nominated*) : അധഃകൃതരുടെ പൊതു ആവശ്യത്തിനായി ഈ സംഖ്യയിൽനിന്നും എത്രത്തോളം ചിലവാക്കിയിട്ടുണ്ട്?

MR. T. C. THOMMEN (*Secretary to Government*) : ഈ സംഖ്യ മുഴുവനും അധഃകൃതസമുദായത്തിനു വേണ്ടി ചിലവാക്കിയിട്ടുള്ളതാണ്.

MR. T. T. KESAVAN SASTRI (*Nominated*) : ഈ സംഖ്യ അധഃകൃതാപേക്ഷകരുടെ സഞ്ചാരപടിയും മറ്റും ചിലവാക്കി എന്നാണ് ഞാൻ മനസിലാക്കീട്ടുള്ളത്. സമുദായത്തിന്റെ ആവശ്യത്തിനായി അതിലുള്ള അംഗങ്ങളുടെ നന്മക്കായി വേണ്ടി എന്തു ചിലവാക്കിയിട്ടുണ്ടെന്ന് പറയാമൊ?

LIBRARY ARCHIVES Kerala Legislative Assembly

MR. T. C. THOMMEN (*Secretary to Government*) : അധഃകൃതരുടെ ആവശ്യത്തിനായി ഈ ആണ്ടത്തെ ബഡ്ജറ്റിൽ ൫൦,൦൦൦ രൂപാ അനുവദിച്ചിട്ടുള്ളതിൽ ഇനി ബാക്കിയുള്ള ൯,൪൦൦ രൂപായും ഈ കൊല്ലത്തിൽ ചിലവാക്കുന്നതിന് ഗവൺമെൻറു ഉത്തരവുകൊടുത്തിട്ടുണ്ട്.

MR. T. T. KESAVAN SASTRI (*Nominated*) : അതിലേക്ക് അനുവദിച്ചിട്ടുള്ള സംഖ്യ ചിലവാക്കാത്തതിന് കാരണമെന്താണെന്നു പറയാമൊ?

MR. T. C. THOMMEN (*Secretary to Government*) : ഈ ആണ്ടു അവസാനിക്കുന്നതിന് മുമ്പ് ചിലവാക്കുന്നതാണ്.

MR T. T. KESAVAN SASTRI (*Nominated*): : അധഃകൃതസംരക്ഷകവകുപ്പിലേക്ക് അനുവദിക്കുന്ന സംഖ്യകൊടുത്തു ആണ്ടവസാനത്തിൽ ലാപ്സായിപോകുന്നതായി അറിയാമൊ?

MR. T. C. THOMMEN (*Secretary to Government*) : മറു ഡിപ്പാർട്ടുമെൻറുകളിൽ ലാപ്സാകുന്നതുപോലെ അധഃകൃതസംരക്ഷകവകുപ്പിലും കുറെ ഒക്കെ ലാപ്സാകുന്നുണ്ട്. ഇതിലേക്കുള്ളതു പ്രത്യേകമായി ലാപ്സാക്കുന്നില്ല.

MR. T. T. KESAVAN SASTRI (*Nominated*) : അധഃകൃതസംരക്ഷകനു തക്കസമയത്തിൽ വേണ്ട നിർദ്ദേശങ്ങളും അനുവാദങ്ങളും ഗവൺമെൻറിൽനിന്നും നാംകാതിരിക്കുന്നതുകൊണ്ടല്ലെ അനുവദിക്കുന്ന സംഖ്യ ആണ്ടവസാനത്തിൽ ലാപ്സായിപ്പോകുന്നതു?

MR. T. C. THOMMEN (*Secretary to Government*) : അല്ല.

MR. T. T. KESAVAN SASTRI (*Nominated*) : അധഃകൃതസംരക്ഷകനു ഗവൺമെൻറു അനുവാദം കൂടാതെ എത്രത്തോളം സംഖ്യ ചിലവാക്കാൻ അധികാരമുണ്ടു?.

MR. T. C. THOMMEN (*Secretary to Government*) : ഈ ചോദ്യത്തിനു നോട്ടീസ്സുവേണ്ടിയിരിക്കുന്നു.

MR. T. T. KESAVAN SASTRI (*Nominated*) : ഈ കൊല്ലത്തിൽ അധഃകൃതരുടെ ആവശ്യത്തിനുവേണ്ടി ഗവൺമെൻറിൽനിന്നും എന്തെല്ലാം പ്രവൃത്തിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടു് എന്നു് പറയാമൊ?

MR. T. C. THOMMEN (*Secretary to Government*) : കുളത്തൂർ എന്ന സ്ഥലത്തു് ഒരു കോളനി സ്ഥാപിക്കാൻ അനുവദിച്ചിട്ടുണ്ടു്. നരിക്കലെന്ന സ്ഥലത്തു് ഒരു കോളനി അനുവദിച്ചിട്ടുണ്ടു്. വെട്ടിക്കവലയിൽ ഒരു വീവിംഗ് എസ്റ്റാബ്ലിഷ്മെൻറു നടത്തുന്നതിനു് അനുവദിച്ചിട്ടുണ്ടു്. മൈകാനം എന്ന സ്ഥലത്തു് ഒരു കിണറു കഴിക്കുന്നതിനു അനുവദിച്ചിട്ടുണ്ടു്. നെയ്യാറിൻകരെ രണ്ടേക്കർ സ്ഥലം വാങ്ങിക്കാൻ അനുവദിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

MR. T. T. KESAVAN SASTRI (*Nominated*) : തിരുവനന്തപുരത്ത് അനുവദിച്ചിട്ടുള്ള കാളനിയെ സംബന്ധിച്ച് എന്തുനടപടി നടത്തി എന്ന് പറയാമൊ?

MR. T. C. THOMMEN (*Secretary to Government*) : അതിലേക്ക് ഒരു സ്ഥലം വാങ്ങിക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്.

MR. T. T. KESAVAN SASTRI (*Nominated*) : ആ സ്ഥലം എവിടെയാണെന്ന് പറയാമൊ?

MR. T. C. THOMMEN (*Secretary to Government*) : നല്ല നിശ്ചയമില്ല.

MR. T. T. KESAVAN SASTRI (*Nominated*): അധഃകൃതസംരക്ഷകൻ അധഃകൃതരുടെ ഉദ്യോഗനിയമനത്തെപ്പറ്റി പബ്ളിക്ക് സർവീസ് കമ്മീഷണരുമായി ആലോചന നടത്താതിരിക്കുന്നത് എന്തു കാരണത്താലാണ്?

MR. T. C. THOMMEN (*Secretary to Government*): ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാർ ഉദ്യോഗനിയമനത്തെപ്പറ്റി പബ്ളിക്ക് സർവീസ് കമ്മിഷണരോട് ആവശ്യപ്പെടുന്നില്ല. കമ്മീഷണർ നേരിട്ടാണ് ആവശ്യപ്പെടുന്നത്.

MR. T. T. KESAVAN SASTRI (*Nominated*): പബ്ളിക്ക് സർവീസ് കമ്മിഷണർ അധഃകൃതസംരക്ഷകനോട് ഈ കാര്യത്തെപ്പറ്റി ആവശ്യപ്പെട്ടിട്ടുണ്ടോ?

MR. T. C. THOMMEN (*Secretary to Government*): അതിനുള്ള ആവശ്യം ഉണ്ടായിട്ടില്ല.

MR. N. JOHN JOSEPH (*Nominated*): ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്യയ്ക്കേണ്ടതു് അധഃകൃതസംരക്ഷകന്റെ കടമയല്ലെ?

MR. T. C. THOMMEN (*Secretary to Government*): പബ്ളിക്ക്സർവീസ് കമ്മീഷണറെ നിയമിക്കുന്നതിനു മുമ്പു് അങ്ങനെ ഒരു ചുമതലയുണ്ടായിരുന്നു. ഇപ്പോൾ അങ്ങനെ ചെയ്യുന്നില്ല.

MR. N. JOHN JOSEPH (*Nominated*): അതും ആവശ്യപ്പെട്ടില്ലെങ്കിൽ തന്നെയും ഉദ്യോഗാർത്ഥികളെ ശുപാർശചെയ്യയ്ക്കേണ്ടതു് അധഃകൃതസംരക്ഷകന്റെ കടമയല്ലെ?

MR. T. C. THOMMEN (*Secretary to Government*): രൂൾസ് അനുസരിച്ചാണ് പ്രവർത്തിക്കേണ്ടതു്.

MR. N. JOHN JOSEPH (*Nominated*): അധഃകൃതരിൽ നിന്നുമുള്ള ഉദ്യോഗാർത്ഥികളിൽ ആരെയെങ്കിലും ശുപാർശചെയ്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. T. C. THOMMEN (*Secretary to Government*): നോട്ടീസ്സുവേണ്ടിയിരിക്കുന്നു.

Aided Sanskrit Schools.

297. *MR. T. T. KESAVAN SASTRI (*Nominated*): Will the Government be pleased to state the number of Sanskrit Schools for which grants-in-aid are being awarded by the Government, the names of the Managers of those schools and the amount of grant awarded to each of them?

MR. C. V. CHANDRASEKHARAN (*Ag. Director of Public Instruction*): A *statement giving the information asked for by the member is laid on the table.

MR. T. T. KESAVAN SASTRI (*Nominated*): ഈ സംസ്കൃതസ്കൂളുകളിൽ എത്ര ഹൈസ്കൂളും മഡിൽസ്കൂളും ഉണ്ടെന്ന് പറയാമോ?

MR. C. V. CHANDRASEKHARAN (*Ag. Director of Public Instruction*): I claim ntoice.

MR. T. T. KESAVAN SASTRI (*Nominated*): ഈ സംസ്കൃതസ്കൂളുകളെ ഡയറക്ടർ എപ്പോഴെങ്കിലും നേരിട്ട് സന്ദർശിച്ചിട്ടുണ്ടോ?

MR. C. V. CHANDRASEKHARAN (*Ag. Director of Public Instruction*): I shall require notice.

MR. T. T. KESAVAN SASTRI (*Nominated*): സംസ്കൃതസ്കൂളുകളിൽ പഠിക്കുന്ന അധികൃതവിദ്യാർത്ഥികളിൽനിന്നും അതാതു സ്കൂളുകളിലെ മാനേജരന്മാർ ഫീസ് വാങ്ങിവരുന്നുണ്ടെന്നുള്ള വിവരം അറിയാമോ?

MR. C. V. CHANDRASEKHARAN (*Ag. Director of Public Instruction*): I will enquire into the matter.

Anchal Inspectors.

298. *MR. K. MAHOMED (*Alwaye*): Will the Government be pleased to state:

(*a*) how many Anchal Inspectors there are in service now;

(*b*) their names and qulifications; and

(*c*) how many of them are Christians, Ezhavas, Nairs, Brahmins and Muslims?

MR. T. C. THOMMEN (*Secretary to Government*): (*a*), (*b*) and (*c*) A †statement containing the information is laid on the table.

Realisation of tax on Tharisu and Karivu wet lands.

299. *MR. A. EASWARA PILLAI (*Kalkulam II*): Will the Government be pleased to state:

---

* *Vide* Appendix I

LIBRARY ARCHIVES Kerala Legislative Assembly